## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ്കുമാർ.റ്റി.ഐ

**വിഷയം:-** വനം വകുപ്പ് - ജീവനക്കാര്യം - ബൈൻഡർ ഗ്രേഡ് II തസ്തികയിൽ നിയമനം നൽകുന്നത് - സംബന്ധിച്ച്.

**സൂചന:-** ഈ ഓഫീസിലെ 12.01.2021-ലെ ഇതേ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ2-1156/2020 തീയതി. 28.01.2021**

വനംവകുപ്പ് ആസ്ഥാനത്ത് ബൈൻഡർ ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവിൽ തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിനായി, യോഗ്യതയും താൽപ്പര്യവും ഉള്ള, ബൈൻഡർ ഗ്രേഡ് II തസ്തികയേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള വനം വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായ 25.01.2021-ന് മുമ്പായി വനംവകുപ്പ് ആസ്ഥാനത്ത് ഓഫീസ് അറ്റൻഡന്റായി ജോലിനോക്കുന്ന ശ്രീ.സുധീർ.എം. മാത്രമാണ് ഈ ഓഫീസിൽ ബൈൻഡർ ഗ്രേഡ് II ആയി തസ്തികമാറ്റം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നത്. ബൈൻഡർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് വേണ്ടിയുള്ള യോഗ്യത സർട്ടിഫിക്കറ്റുകൾ ടിയാൻ ഹാജരാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് ശ്രീ.സുധീർ.എം.-ന് 17500-39500 ശമ്പള സ്കെയിലിൽ ബൈൻഡർ ഗ്രേഡ് II ആയി തസ്തികമാറ്റം അനുവദിച്ചുകൊണ്ടും വനംവകുപ്പ് ആസ്ഥാനത്ത് നിലവിലുള്ള ബൈൻഡർ ഗ്രേഡ് II-ന്റെ ഒഴിവിൽ നിയമിച്ചുകൊണ്ടും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയ ദിലീപ്കുമാർ.റ്റി.ഐ എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

1. ജീവനക്കാരന് നൽകുന്നു.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി)യ്ക്ക് വനംവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നൽകുന്നു.
3. എച്ച് സെക്ഷന് അറിവിലേക്കായി നൽകുന്നു.